# പതിനാലാം കേരള നിയമസഭ
# (പതിനാറാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3246** **07.11.2019-ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.വി. അബ്ദുറഹിമാൻ | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെല്ലാം പദ്ധതികളാണ് പുതുതായി നടപ്പിലാക്കി വരുന്നതെന്ന വിശദവിവരം അറിയിക്കാമോ; | എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ഉന്നമനത്തിനായി നൽകി വരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ; | ബി) കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് വിവിധ വിദ്യാഭ്യാസ ആനുകൂല്യങ്ങളായ ലംപ്സംഗ്രാന്റ്, പ്രതിമാസ സ്റ്റൈപന്റ്, ട്യൂഷൻ ഫീസ്, പോക്കറ്റ്മണി, മെസ്സ് ഫീസ്, ഹോസ്റ്റൽ ഫീസ്, പരീക്ഷാഫീസ്, സ്പെഷ്യൽ ഫീസ് മുതലായവ നൽകി വരുന്നു.<br><br>മത്സ്യത്തൊഴിലാളികളുടെ പോസ്റ്റ് മെട്രിക് വിഭാഗത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് മുഖേന വിദ്യാഭ്യാസ ആനുകൂല്യം നൽകി വരുന്നു. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകുന്നതിനായി 2016-17 സാമ്പത്തിക വർഷം 19.99 കോടി രൂപയും 2017.18 സാമ്പത്തിക വർഷം 25.53 കോടി രൂപയും 2018-19 സാമ്പത്തിക വർഷം 29.17 കോടി രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം നിലവിൽ 20 കോടി രൂപ ജില്ലകൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. |
| സി) തീരദേശത്തെ വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനും ഉപരി പഠന സാധ്യത വർദ്ധിപ്പിക്കുന്നതിനുമായി പുതുതായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം അറിയിക്കുമോ? | സി) തീരദേശത്തെ വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനായി തീരദേശത്തുള്ള ലൈബ്രറികൾ വിപുലീകരിച്ച് സ്റ്റഡി സെന്ററുകളാക്കി മാറ്റുന്നതിനും സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മുതിർന്ന കോളേജ് വിദ്യാർത്ഥികൾ, റിട്ട.അദ്ധ്യാപകർ, അഭ്യസ്ഥ വിദ്യരായ യുവാക്കൾ എന്നിവരുടെ സഹായത്താൽ പ്രതിഭാതീരം എന്ന ഒരു പുതിയ പദ്ധതി |

സർക്കാരിന്റെ പരിഗണനയിലുണ്ട്. നിലവിലെ തീരദേശത്തുള്ള ലൈബ്രറികൾ കേന്ദ്രീകരിച്ച് പരിചയ സമ്പന്നരായവരുടെ മേൽനോട്ടത്തിൽ തീരദേശത്തെ വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്. സ്പെഷ്യൽ ക്ലാസുകൾ 10 -ാം ക്ലാസ്സ് വിദ്യാർത്ഥികൾക്ക് മൈക്രോ ടീച്ചിംഗ്, കായിക പരിശീലനം, ഇന്റർ ലൈബ്രറി കോമ്പറ്റീഷൻ എന്നിവ ഉൾക്കൊള്ളിച്ച് വിദ്യാർത്ഥികളുടെ ഉപരി പഠന സാധ്യത വർദ്ധിപ്പിക്കുന്നതിനാണ് ടി പദ്ധതി വഴി ഉദ്ദേശിക്കുന്നത്.

**സെക്ഷൻ ആഫീസർ**

## അനുബന്ധം

സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസത്തിനായി അനുവദിക്കുന്ന ധനസഹായം ഇ-ഗ്രാന്റ്സ് മുഖേന യഥാസമയം ലഭിക്കുന്നതിന് നടപടി സ്വീകരിക്കുകയും നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ താഴെ പറയുന്ന പദ്ധതികളും നടപ്പാക്കി വരുന്നു.

1) വിദ്യാതീരം പദ്ധതി

മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് റസിഡൻഷ്യൽ മെഡിക്കൽ എൻട്രൻസ് പരിശീലനം, റസിഡൻഷ്യൽ ബാങ്ക് പരിശീലനം, സിവിൽ സർവ്വീസ് (ഐ.എ.എസ്) കോച്ചിംഗ്, പി.എസ്.സി പരിശീലനം എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.
മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് മെഡിക്കൽ എൻട്രൻസ് പരിശീലനം

| വർഷം | പരിശീലനം ലഭിച്ചവർ | എം.ബി.ബി.എസ്സിന് അഡ്മിഷൻ ലഭിച്ചവർ | BDS, BAMS,BVSc, BHMS കോഴ്സിന് അഡ്മിഷൻ ലഭിച്ചവർ | ഇതര കോഴ്സുകൾക്ക് അഡ്മിഷൻ ലഭിച്ചവർ | ആകെ |
|---|---|---|---|---|---|
| 2015-16 | 47 | 11 | 4 | 14 | 29 |
| 2016-17 | 33 | 7 | 2 | 8 | 17 |
| 2017-18 | 50 | 6 | 8 | 11 | 25 |
| 2018-19 | 56 | 10 | 4 | 11 | 23 |
| **ആകെ** | **186** | **34** | **18** | **44** | **94** |

**ബാങ്ക്, സിവിൽ സർവ്വീസ്, പി.എസ്.സി പരീക്ഷാ പരിശീലനം**

| ക്രമ നമ്പർ | പരീക്ഷാ പരിശീലനം | 2016-17 | 2017-18 | 2018-19 | ആകെ |
|---|---|---|---|---|---|
| 1 | ബാങ്ക് കോച്ചിങ് | 17 | 21 | 55 | 85 |
| 2 | സിവിൽ സർവ്വീസ് | 1 | 10 | 10 | 21 |
| 3 | പി.എസ്.സി | 75 | 68 | 18 | 198 |
| | **ആകെ** | **93** | **99** | **83** | 273 |

2) മാതാപിതാക്കൾ മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കളെ ദത്തെടുത്ത് ഉന്നത വിദ്യാഭ്യാസം നൽകുന്ന പദ്ധതി:- മാതാപിതാക്കൾ മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കളെ ദത്തെടുത്ത് ഉന്നത വിദ്യാഭ്യാസം നൽകുന്ന പദ്ധതി പ്രകാരം 2019-20 സാമ്പത്തിക വർഷം 30 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ടി പദ്ധതി നടപ്പാക്കുന്നതിനായി സംസ്ഥാനത്തുടനീളം അപേക്ഷകൾ ക്ഷണിച്ചു. വിദ്യാർത്ഥികളെ കണ്ടെത്തി ആനുകൂല്യം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ടി പദ്ധതി പ്രകാരം 2016-17 ൽ 10 വിദ്യാർത്ഥികൾക്കും 2017-18 ൽ 15 പേർക്കും 18-19 ൽ 11 പേർക്കും ആനുകൂല്യം നൽകിയിട്ടുണ്ട്.

3). ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതി

വലിയതുറ, താനൂർ, ബേപ്പൂർ, അഴീക്കൽ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് 24.71 കോടി രൂപയുടെ പദ്ധതി നടപ്പാക്കി വരുന്നു.

4). കരിയർ ഗൈഡൻസ് പദ്ധതി

തീരദേശ സ്കൂളുകളിലെ മത്സ്യത്തൊഴികളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസരംഗത്തെ സാധ്യതകൾ പരിചയപ്പെടുത്തുന്നത് ലക്ഷ്യമിട്ടുകൊണ്ട് കരിയർ ഗൈഡൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതി പ്രകാരം 60 കരിയർ ഗൈഡൻസ് നടത്തുന്നതിനായി,

18 ലക്ഷം രൂപ നടപ്പു സാമ്പത്തിക വർഷം ജില്ലകൾക്ക് നൽകി പദ്ധതി നടപ്പാക്കി വരുന്നു. 2016-17-ൽ 72 ഉം 2017-18 ൽ 40 ഉം 2018-19 ൽ 40 ഉം കരിയർ ഗൈഡൻസ് ക്ലാസ്സുകൾ തിരദേശത്തെ സ്കൂളുകളിൽ നടപ്പാക്കിയിട്ടുണ്ട്.

5). ജി.ആർ.എഫ്.ടി.എച്ച്.എസ്സുകളിലെ പ്രവർത്തന ചെലവിനങ്ങൾ ക്കായി ധനസഹായം നൽകുന്ന പദ്ധതി.

വകുപ്പിന്റെ കീഴിലുള്ള 10 ജി.ആർ.എഫ്.ടി.എച്ച്.എസ്സുകളുടെ പ്രവർത്തന ചെലവിനങ്ങളായ മെസ്സ് അലവൻസ് യൂണിഫോം, പാഠപുസ്തകങ്ങൾ കൗൺസിലിംഗ്, സ്റ്റഡിടൂർ, കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് കോച്ചിംഗ് മെഡിക്കൽ കെയർ മൈക്രോടീച്ചിംഗ് മറ്റു ചെലവുകൾക്കായി 244.20 ലക്ഷം രൂപ 10 സ്കൂളുകൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

6). സ്മാർട്ട് ക്ലാസ് റൂം

**ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകൾ ഉൾപ്പെടെ 29 സ്കൂളുകളിൽ 40 സ്മാർട്ട് ക്ലാസ് റൂമുകൾ സജ്ജീകരിച്ചു വരുന്നു.**

**സെക്ഷൻ ആഫീസർ**